# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 2732

10.07.2015 ൽ
മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ ക്ഷേമത്തിന വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഓരോ വർഷവും ഏതെല്ലാം ഇനങ്ങളിലായി എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (എ) യും (ബി) യും | 11-ാം പഞ്ചവത്സര പദ്ധതിയിൽ എം.എസ്.ഡി.പി പദ്ധതിയുടെ കീഴിൽ വയനാട് ജില്ലയിൽ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3063.48 ലക്ഷം രൂപയുടെയും, 12-ാം പഞ്ചവത്സര പദ്ധതിയിൽ 3234.4 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, 12-ാം പഞ്ചവത്സര പദ്ധതിയിൽ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലെ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന വികസനത്തിനും മറ്റുമായി 265.67 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാർ എം.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.<br>കേന്ദ്ര പദ്ധതിയായ എം.എസ്.ഡി.പി. പഞ്ചവൽസര പദ്ധതി അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. അതുകൊണ്ട് തന്നെ ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുകയും ചെലവഴിച്ച തുകയും കണക്കാക്കുന്നത് പഞ്ചവൽസര പദ്ധതി അടിസ്ഥാനത്തിലാണ്. മേൽ പ്രകാരം ലഭിച്ച തുകയിൽ പദ്ധതി തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

11-ാം പഞ്ചവത്സര പദ്ധതി (തുക ലക്ഷത്തിൽ)

| മേഖല | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| ആരോഗ്യം | 680 | 680 |
| വിദ്യാഭ്യാസം | 423.290 | 423.290 |
| കുടിവെള്ളം | 1380 | 1380 |
| മേപ്പാടി പോളിടെക്നിക് ലാബ് നവീകരണം | 80.19 | 80.19 |
| ആകെ | **2563.48** | **2563.48** |

12-ാം പഞ്ചവത്സര പദ്ധതി (തുക ലക്ഷത്തിൽ)

(എ) വയനാട് ജില്ല (സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ ബ്ലോക്കുകൾ)

| മേഖല | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| ആരോഗ്യം | 361.88 | 93.00* |
| വിദ്യാഭ്യാസം | 545.64 | 812.26 |
| കുടിവെള്ളം | 0.00 | 0.00 |
| സൈക്കിൾ വിതരണം | 10.27* | 0.00 |
| ഓറിയന്റേഷൻ പ്രോഗ്രാം | 4.00 | 3.37 |
| ബേസ്ലൈൻ സർവ്വേ (31.05.2015 വരെയുള്ളത്) | 7.25 | 5.95 |
| ആകെ(എ) | **929.04** | **914.58** |

* ജില്ലാകളക്ടറിന് തുക കൈമാറിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ല (പൊന്നാനി നഗരസഭ)

| മേഖല | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| വിദ്യാഭ്യാസം | 124.99 | 124.99 |
| സൈക്കിൾ വിതരണം | 2.57* | 0.00 |
| ബേസ്ലൈൻ സർവ്വേ | 3.50 | 1.70 |
| ആകെ(ബി) | **131.06** | **126.69** |
| (എ)+ (ബി) | **1060.1** | **1041.27** |

* ജില്ലാകളക്ടറിന് തുക കൈമാറിയിട്ടുണ്ട്

(* ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സാങ്കേതികാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ടി മേഖലയിലെ തുക വിദ്യാഭ്യാസ മേഖലയി-ലേക്ക് മാറ്റി ചെലവഴിച്ചിട്ടുണ്ട്.)

Rajeev

സെക്ഷൻ ഓഫീസർ